## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ നഗരസഭ — ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 5.2.13(1) – 5.2.13(2) എന്നിവ പ്രകാരം ശുചീകരണ പ്രവൃത്തി നടത്തിയതിന്റെ ഭാഗമായുള്ള ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം. 531 /15/തസ്വഭവ. തിരുവനന്തപുരം, തീയതി: 21/02/2015

പരാമർശം:- 1) ആലപ്പുഴ നഗരസഭാ സെക്രട്ടറിയുടെ 16/09/2014-ലെ എം4-13180/14-ാം നമ്പർ കത്ത്.

2) നഗരകാര്യ ഡയറക്ടറുടെ 04/12/2014-ലെ F2-10534/2013-ാം നമ്പർ കത്ത്.

## ഉത്തരവ്

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ആഡിറ്റ് റിപ്പോർട്ടിലെ ആലപ്പുഴ നഗരസഭയെ സംബന്ധിച്ച ഖണ്ഡിക 5.2.13(1) പ്രകാരം ശുചീകരണ ആവശ്യത്തിന് ലോറി വാടക നൽകുന്നതിന് സർക്കാർ ഉത്തരവ് ലംഘിച്ച് മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ചത് ആഡിറ്റ് നിരാകരിക്കുകയും ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഖണ്ഡിക 5.2.13(2) പ്രകാരം ആലപ്പുഴ നഗരസഭ ഹെൽത്ത് വിഭാഗത്തിന് ശുചീകരണ പ്രവർത്തനങ്ങൾക്കായി 71,397/- (എഴുപത്തിയൊന്നായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിയേഴ് രൂപ മാത്രം) രൂപ ക്രമവിരുദ്ധമായി വികസന ഫണ്ടിൽ നിന്നും വകമാറ്റി ചെലവഴിച്ചത് ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.

ആലപ്പുഴ നഗരസഭയുടെ 17/06/2014-ലെ 13(2) -ാം നമ്പർ കൗൺസിൽ തീരുമാനത്തിന്റെ പിൻബലത്തിൽ ഖണ്ഡിക 5.2.13(1) പ്രകാരം ശുചീകരണ പ്രവർത്തനത്തിനായി വികസനഫണ്ട്/മെയിന്റനൻസ് ഫണ്ട് ചെലവഴിച്ചതിന് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിനായി നഗരസഭ പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. വികസനഫണ്ടിൽ നിന്നും തുക വക മാറ്റുന്നത് നിയമാനുസൃതം തെറ്റായ നടപടിയാണെങ്കിലും നഗരസഭയുടെ തനത് ഫണ്ട് ദൈനംദിന ചെലവുകൾക്കും മറ്റ് ആവർത്തന ചെലവുകൾക്കും അപര്യാപ്തമായ സാഹചര്യത്തിലും 'മാലിന്യ സംസ്കരണം' എന്ന നഗരസഭയുടെ അനിവാര്യ കർത്തവ്യം നിറവേറ്റുന്നതിനായി അടിയന്തിര സാഹചര്യത്തിൽ വികസനഫണ്ടിൽ നിന്നും തുക വക മാറ്റി ചെലവഴിക്കേണ്ടി വന്നു എന്നും ചെക്കുകൾ വഴി തുക ചെലവഴിച്ചത് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത നടപടിക്ക് സാധൂകരണം നൽകണമെന്നും നഗരസഭ ആവശ്യപ്പെട്ടിട്ടുണ്ട്.

നഗരസഭയിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി വികസന ഫണ്ടിൽ നിന്നും 71,397/-രൂപ ക്രമവിരുദ്ധമായി ചെലവഴിച്ചതു സംബന്ധിച്ച ഖണ്ഡിക 5.2.13(2)-ലെ ആഡിറ്റ് പരാമർശത്തിന് നഗരസഭാ കൗൺസിലിന്റെ 16/06/2014-ലെ 2(2)-ാം കൗൺസിൽ തീരുമാന പ്രകാരം നഗരകാര്യ ഡയറക്ടർ മുഖേന പരാമർശം 2 പ്രകാരം സർക്കാരിൽ സാധൂകരണാപേക്ഷ ലഭ്യമാക്കിയിട്ടുണ്ട്. നഗരസഭയുടെ തനത് ഫണ്ട് ദൈനംദിന ചെലവിനും പോലും അപര്യാപ്തമായതിനാലാണ് വികസനഫണ്ട് ചെലവഴിച്ചത് എന്നും ആയതിന് സാധൂകരണം നൽകണമെന്നും കൗൺസിൽ തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശുചീകരണ പ്രവർത്തനത്തിന്റെ ഭാഗമായാണ് നഗരസഭ പ്രസ്തുത ചെലവുകൾ നടത്തിയിട്ടുള്ളത്. ആയതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ആഡിറ്റ് റിപ്പോർട്ടിലെ 5.2.13(1), 5.2.13(2) എന്നിവ പ്രകാരം ശുചീകരണ പ്രവർത്തനത്തിന്റെ ഭാഗമായി ചെലവു ചെയ്ത നഗരസഭയുടെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സാലമ്മ എബ്രഹാം,
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ആലപ്പുഴ മുനിസിപ്പാലിറ്റി
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ